**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3157

10.12.2018-ൽ മറുപടിക്ക്

**<u>പ്രളയം രജിസ്ട്രേഷൻ വകുപ്പിനുണ്ടാക്കിയ നഷ്ടം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.വി.ആർ.സുനിൽ കുമാർ**<br>**ശ്രീ.എൽദോ എബ്രഹാം** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തുണ്ടായ പ്രളയം രജിസ്ട്രേഷൻ വകുപ്പിനുണ്ടാക്കിയ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ, വിശദമാക്കുമോ; | എ) ഉണ്ട്. എറണാകുളം ജില്ലയിലെ ആലങ്ങാട്, ചേന്ദമംഗലം, പത്തനംതിട്ട ജില്ലയിലെ പെരുനാട്, കടപ്ര, ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന്, ഭരണിക്കാവ്, തിരുവനന്തപുരം ജില്ലയിലെ ചാല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളെയാണ് പ്രളയം ബാധിച്ചത്. കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഓഫീസ് രേഖകൾ എന്നിവയ്ക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ആകെ 25.881 കോടി രൂപയുടെ നാശനഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള ആധാരങ്ങൾ അടക്കമുള്ള രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടുവോ; വിശദമാക്കുമോ; | ബി) എറണാകുളം ജില്ലയിലെ ആലങ്ങാട്, പത്തനംതിട്ട ജില്ലയിലെ പെരുനാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരുന്ന ആധാരങ്ങൾ, രജിസ്റ്റർ വാല്യങ്ങൾ, സൂചക പുസ്തകങ്ങൾ, സർവ്വീസ് ബുക്കുകൾ, ഫയലുകൾ, മറ്റ് ഓഫീസ് രേഖകൾ എന്നിവയെല്ലാം പ്രളയജലം കയറി നശിച്ചുപോയിട്ടുണ്ട്. |
| സി) ഇത്തരത്തിൽ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | സി) ഭാഗികമായി നഷ്ടപ്പെട്ട രേഖകൾ ഡിജിറ്റൈസേഷൻ പദ്ധതിയിലൂടെ ശാസ്ത്രീയമായി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**